



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/08/2024

1. കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായ കാർഷികോ ത്സവത്തിന്റെ രണ്ടാം പതിപ്പ് കളമശ്ശേരി പ്രീമിയർ ജംഗ്ഷനിലെ ചാക്കോളാസ് പവലിയനിലെ വേദിയിൽ സെപ്തംബർ 7 മുതൽ 13 വരെ സംഘടിപ്പിക്കുന്നു. കളമശ്ശേരിയിലെ വിവിധ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന വ്യത്യസ്ത ഇനം വിളകളെ അടി സ്ഥാനമാക്കിയുള്ള 20 കാർഷിക സംഗമങ്ങളും സെമിനാറുകളുമാ ണ് സംഘടിപ്പിക്കുന്നത്. കൃഷി, വ്യവസായം, ടൂറിസം, സഹകരണം തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളുടേയും സ്വകാര്യ സ്ഥാപനങ്ങളുടേയും സ്റ്റാളുകൾ മേളയിലുണ്ടാകും. സഹകരണ ബാങ്കുകളുടെ സ്റ്റോളുകളും മേളയിൽ പങ്കെടുക്കും.

2. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കശുമാവ് കൃഷി വികസനത്തിനായി ഈ സാമ്പത്തിക വർഷം വിവിധ പദ്ധതി കൾ നടപ്പാക്കുന്നു.

മുറ്റത്തൊരു കശുമാവ് പദ്ധതി- കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷനുകൾ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ - കോളജ് വിദ്യാർത്ഥികൾ, അഗ്രികൾച്ചർ ക്ലബ്ബുകൾ എന്നിവർക്കായി കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ചു വളർത്താവുന്ന കശുമാവിൻ തൈകൾ സൗജന്യമായി നൽകും.

കശുമാവ് പുതുക്കൃഷി - പദ്ധതി പ്രകാരം കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകും. അതിസാന്ദ്രത കൃഷി - ഒരു നിശ്ചിത സ്ഥലത്ത് നടീൽ അകലം കുറച്ച് തൈകളുടെ എണ്ണം കൂട്ടി തുടക്കം മുതൽ ആദായം കൂടുതൽ കിട്ടാൻ വേണ്ടിയുള്ള കൃഷി രീതിയാണിത്. തൈകൾ നടാനുള്ള ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകും. തൈകൾ നശിച്ചു പോയാൽ

കർഷകൻ സ്വന്തം ചെലവിൽ തൈകൾ വാങ്ങി നട്ടാൽ മാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളൂ. ഒരേക്കറെങ്കിലും കൃഷി ചെയ്യുന്നവർക്ക് മാത്രമേ ആനുകൂല്യം ലഭിക്കൂ. അതീവ സാന്ദ്രത കൃഷി -ഡിസിആർ പുതൂർ (ഐസിഎആർ), സിആർ എസ് മാടക്കത്തറ (കെഎയു) എന്നീ കശുമാവ് ഗവേഷണ കേന്ദ്രങ്ങൾ വഴി കിട്ടുന്ന മേൽത്തരം കശുമാവ് ഗ്രാഫ്റ്ററുകൾ ഉപയോഗിച്ച് ഒരു ഹെക്ടർ സ്ഥലത്തു നിന്ന് ഒരു മെട്രിക് ടൺ കശുവണ്ടി സ്ഥിരമായി ഉല്പാദിപ്പിക്കാൻ സഹായിക്കുന്ന കൃഷി സമ്പ്രദായമാണ് അതീവ സാന്ദ്രത കൃഷി.

തേനീച്ച കോളനി-കശുമാവ് പരപരാഗണം പരിപോഷിക്കു ന്നതിന്റെ ഭാഗമായി 3 വർഷം പ്രായം കഴിഞ്ഞതും ഉല്പാദനം തുടങ്ങിയതുമായ മരങ്ങൾക്ക് 1 ഹെക്ടറിന് 25 തേനീച്ച കോളനികൾ സബ്സിഡി നിരക്കിൽ നൽകും. ഒരേക്കർ മുതൽ 10 ഏക്കർ വരെ കൃഷിയുള്ള കർഷകർക്കാണ് ഈ ആനുകൂല്യം.

കൂടുതൽ വിവരങ്ങൾക്ക് 474 2760456, 9446307456, 9496045000 എന്നീ ഫോൺ നമ്പരുകളിലോ, ksaumavukrishi@gmail. com, cashew culivtation@gmall, com. എന്നീ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ കോളേജുകളിൽ/ കേന്ദ്രങ്ങളിൽ 2024- 25 അധ്യയന വർഷം മുതൽ ആരംഭിക്കുന്ന പുതിയ പി എച്ച് ഡി /എം എസ് സി/ ഇന്റഗ്രേറ്റഡ്/ എംടെക്/ പിജി ഡിപ്ലോമ /ഡിപ്ലോമ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 30.08.2024 ന് തൃശ്ശൂർ വെള്ളാനിക്കര കേരള കാർഷിക സർവകലാശാല ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന സെൻട്രൽ ഓഡിറ്റോറിയത്തിൽ വെച്ച് ഉച്ചയ്ക്ക് രണ്ടുമണിക്ക് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അഡ്മിഷനുമായി ബന്ധപ്പെട്ട വിശദ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0487 2438139 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ഫിഷറീസ് വകുപ്പിൻ്റെ നിയന്ത്രണത്തിലുള്ള കോട്ടയം ജില്ലയിലെ പള്ളം സർക്കാർ മോഡൽ ഫിഷ് ഫാമിൽ കട്‌ല, രോഹു മത്സ്യക്കുഞ്ഞുങ്ങൾ വിൽപനയ്ക്ക് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 04812434039 9495670644 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

പരിശീലന പരിപാടി

5. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 സെപ്റ്റംബർ 03 മുതൽ 0 7 വരെ 5 ദിവസത്തെ 'ശാസ്ത്രീയ പശു പരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 ആഗസ്റ്റ് 31-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 – 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

6. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഓഗസ്റ്റ് മാസം 29, 30 തീയതികളിൽ 'ശുദ്ധമായ പാലുല്പാദനം ' എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ.പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്ന് വൈകിട്ട് (2024 ഓഗസ്റ്റ് 27) 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471-2440911.

7. റബ്ബർബോർഡിന്റെ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.ടി.) 27, 28 തീയതിക ളിൽ നൂതന കൃഷിരീതികളിൽ പരിശീലനം നൽകും. കൂടുതൽ വിവരങ്ങൾക്ക് : 9495928077, 0481- 2351313 എന്നീ ഫോൺ നമ്പരിലോ, training@ rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലൊ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം